ടൺ റബ്ബർ എങ്കിലും അടിയന്തിരമായി ശേഖരിയ്ക്കുന്നതിന് ആവശ്യമായ നടപടി കേന്ദ്ര ഗവണ്മെന്റ് സ്വീകരിക്കണമെന്നുള്ളതാണ്. നമ്മോട് അദ്ദേഹം ഉന്നയിച്ച മറ്റൊരു ആവശ്യം കയറ്റുമതിയെ സംബന്ധിച്ചാണ്. അതും ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതാണ്. 15,000 ടൺ റബ്ബർ റബ്കോ കയറ്റി അയയ്ക്കുന്നതിനുള്ള ഒരു കരാറിൽ എത്തിയിട്ടുണ്ട്. ഇതിനകം തന്നെ 810 മെട്രിക് ടൺ റബ്ബർ കയറ്റി അയച്ചു. വളരെ വൈകാതെ തന്നെ 15,000 ടൺ റബ്ബർ കയറ്റി അയയ്ക്കാൻ കഴിയും എന്നാണ് സംസ്ഥാന ഗവണ്മെന്റ് ഉദ്ദേശിയ്ക്കുന്നത്. അതുപോലെ തന്നെ റബ്ബർ ശേഖരിയ്ക്കുന്നതിന് റബ്കോ, മാർക്കറ്റിംഗ് ഫെഡറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ക്യാബിനറ്റ് കമ്മിറ്റി നേരിട്ട് അത് മാസംതോറും റിവ്യൂ ചെയ്യുന്നുണ്ട്. റബ്ബർ ശേഖരിച്ച് വെയ്ക്കുന്നതിനുള്ള നടപടി ഗവണ്മെന്റ് സ്വീകരിക്കുന്നതാണ്.

(14) കേരളത്തിലെ ഫാം തൊഴിലാളികൾ നടത്തുന്ന പണിമുടക്ക്

<u>ശ്രീ. പാലോട് രവി</u> : സർ, കേരളത്തിലെ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൃഷി, മണ്ണുസംരക്ഷണം, മൃഗസംരക്ഷണം, ഡയറി, ഗ്രാമവികസനം എന്നീ വകുപ്പുകളിലെ ഫാമുകളിലും കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഫാമുകളിലുമായി ഏതാണ്ട് 97,98 ഫാമുകളിൽ പണിയെടുക്കുന്ന ആയിരക്കണക്കിനു തൊഴിലാളികൾ ഇന്ന് പണിമുടക്കിയിരിക്കുയാണു. ഈ പണിമുടക്കിയിരിക്കുന്ന തൊഴിലാളികൾ നമ്മുടെ ഭരണ സിരാകേന്ദ്രമായ സെക്രട്ടറിയറ്റിനു മുമ്പിൽ ഐ.എൻ.ടി.യു.സി.യുടെയും/സി.ഐ.ടിയു.വിന്റെയും/എ.ഐ.ടി.യു.സിയുടെയും യു.ടി.യു.സി.യുടെയും സംയുക്ത ആഭിമുഖ്യത്തിൽ ഒരു മാർച്ച് സംഘടിപ്പിച്ചിരിക്കുകയാണ്. നമ്മുടെ ധനകാര്യ വകുപ്പിനു ഒരു ബ്യൂർഷ്വാ സ്വഭാവമാണുള്ളത്. പറയാതിരിക്കാൻ നിർവ്വാഹമില്ല. 1997-ൽ കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിച്ച് നടപ്പിലാക്കി. ഈ ഗവൺമെന്റ് ഫാമുകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ശമ്പളം പരിഷ്ക്കരിച്ചില്ല. അവരെക്കൊണ്ട് പണി ചെയ്യിപ്പിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് രണ്ടരവർഷങ്ങൾക്കുമുമ്പ് ശമ്പളം പരിഷ്ക്കരിച്ചു കൊടുത്തു. ഈ ഫാമുകളിലുള്ള പ്യൂണിനും ക്ലാസ്സ് ഫോർ ജീവനക്കാരന് രണ്ടര വർഷങ്ങൾക്കുമുമ്പ് 450 രൂപ കൂട്ടിക്കൊടുത്തു. ഈ സർക്കാർ ഫാമുകളിൽ പണിയെടുക്കുന്ന തൊഴിലാളിക്ക് ഇതുവരെയും അവരുടെ ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടില്ല. അഗ്രികൾച്ചർ മിനിസ്റ്റർ മുൻകൈയെടുത്ത് ഒരു ശമ്പള പരിഷ്ക്കരണ സമിതിയെ ഗവൺമെന്റ് വച്ചു. ആ ശമ്പള പരിഷ്ക്കരണ സമിതി ഏകകണ്ഠമായി ഒരു റിപ്പോർട്ട് സമർപ്പിച്ചു. 1.3.97 മുതൽ മുൻകാല പ്രാബല്യത്തോടെ ശമ്പളപരിഷ്ക്കരണം അനുവദിച്ച് ഉത്തരവാകണമെന്നാണ് ആ സമിതി റിപ്പോർട്ട് സമർപ്പിച്ചത്. നാളിതുവരെ ആ റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാക്കിയിട്ടില്ല. ഇത് ധനകാര്യവകുപ്പിൽ കിടക്കുന്നുവെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. കൃഷിവകുപ്പിന് ഇത് ആദ്യം ബോധ്യം വന്നു. 50 രൂപ ഇടക്കാലാശ്വാസം കൃഷിവകുപ്പ് കൊടുത്തു രണ്ടാമത് ഇക്കഴിഞ്ഞ 6.10.99-ൽ 100 രൂപ ഇടക്കാലാശ്വാസം കൊടുത്തു. 450-ഉം 500-ഉം രൂപ കഴിഞ്ഞ 1997 മുതൽ ഓരോ തൊഴിലാളിക്കും വ്യത്യാസം വരും. ഇത്രയും ഭാരിച്ച ജീവിതപ്രയാസമുള്ള ഈ തൊഴിലാളികൾക്ക് ശമ്പള പരിഷ്ക്കരണം കഴിഞ്ഞ രണ്ടരവർഷക്കാലമായി തടഞ്ഞുവച്ചിരിക്കുന്നത് ബൂർഷ്വാ സ്വഭാവമുള്ള ഈ ധനകാര്യവകുപ്പാണ്. അത് ശരിയല്ല. ഈ ഫാമിലെ തൊഴിലാളികൾക്ക് ശമ്പളം കൊടുക്കാൻ അങ്ങ് തയ്യാറാകണം, ഗവൺമെന്റ് തയ്യാറാക

LIBRARY ARCHIVES Kerala Legislative Assembly

ണം. ഗവൺമെന്റ് ഇതിനകത്ത് വല്ലാത്ത അനാസ്ഥയാണ് കാണിച്ചിരിക്കുന്നത്. ഒരു കാലഘട്ടത്തിലും ഇത്ര കാലദൈർഘ്യമുണ്ടായിട്ടില്ല. കൃഷിവകുപ്പ് ഈ കാര്യത്തിൽ മുൻകൈ എടുത്തിട്ടുണ്ട്. കൃഷിവകുപ്പ് ചില കോൺഫറൻസ് വിളിച്ചിട്ടുണ്ട്. ശ്രീ. കെ.പി. രാജേന്ദ്രനും ഞാനുമൊക്കെ അതിൽ പങ്കെടുക്കുന്നവരാണ്. ഞങ്ങൾ അതിന്റെ ഫെഡറേഷന്റെ ഭാരവാഹികളാണ്. അതുകൊണ്ട് ഈ പണിമുടക്കെങ്കിലും അങ്ങ് കണ്ടുകൊണ്ട് വരുന്ന രണ്ടുമൂന്ന് ദിവസങ്ങൾക്കുള്ളിൽ ധനകാര്യവകുപ്പിൽ പ്രത്യേകമായ സ്വാധീനം ചെലുത്തി അവർക്ക് കിട്ടേണ്ടുന്ന ശമ്പളം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഗവൺമെന്റ് ഫാമുകളിലെ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിന് ലഭിക്കുന്നതിനിടയിൽത്തന്നെ മുമ്പ് ഒരുകാലത്തും ചെയ്തിട്ടില്ലാത്തപോലെ ഫാമിലെ തൊഴിലാളികൾക്ക് പ്രതിമാസം 150 രൂപ ഇടക്കാലാശ്വാസമായിട്ട് ഈ ഗവൺമെന്റ് നൽകി. അതുപോലെതന്നെ തൊഴിലാളികളുടെ നീണ്ടകാലത്തെ ഒരാവശ്യമായിരുന്നു കാഷ്വൽ ലേബറേഴ്സിനെ സ്ഥിരപ്പെടുത്തുക എന്നുള്ളത്. ഇരുപതും ഇരുപത്തിയഞ്ചും വർഷം താൽക്കാലിക തൊഴിലാളികളായി ഫാമുകളിൽ ജോലി ചെയ്ത് ഒരു പ്രതിഫലവുമില്ലാതെ പരിഞ്ഞുപോകുന്ന ഒരവസ്ഥയാണ് നിലവിലുണ്ടായിരുന്നത്. എന്നാൽ ഈ ഗവൺമെന്റ് ഇപ്പോൾ 240 ദിവസമെങ്കിലും ജോലി ചെയ്തെങ്കിലേ അവരെ സ്ഥിരപ്പെടുത്തൂവെന്നുള്ള വ്യവസ്ഥയ്ക്ക് ഇളവ് വരുത്തി ഓരോ ഫാമിലും തൊഴിലാളികളുടെ ജോലി ചെയ്ത കാലഘട്ടത്തെ അടിസ്ഥാനമാക്കി തൊഴിലാളികളെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചു. ആ തീരുമാനത്തിന്റെ ഭാഗമായിട്ട് ഇപ്പോൾ അടിയന്തിരമായി അഞ്ഞൂറിലധികം തൊഴിലാളികളെ ഫാമുകളിലെ സ്ഥിരം തൊഴിലാളികളാക്കി മാറ്റാൻ കഴിയും. 1980-82 കാലഘട്ടത്തിൽ തെറ്റായ ഒരു തീരുമാനം എടുത്തതിനെത്തുടർന്നുണ്ടായ പ്രശ്നങ്ങളും ഇതോടുകൂടി പരിഹരിക്കും. അതും ഏകദേശം അഞ്ഞൂറോളം തൊഴിലാളികൾ വരും. അപ്പോൾ ആയിരത്തോളം തൊഴിലാളികളെ ഫാമുകളിൽ സ്ഥിരപ്പെടുത്താനായിട്ട് ഇപ്പോൾ തീരുമാനിച്ചു. ഈ കമ്മിറ്റിയുടെ ശുപാർശ വന്നതിനുശേഷം ഈ തൊഴിലാളികളുടെ ശമ്പളം, ക്ഷാമബത്ത, വീട്ടുവാടക അലവൻസ് എന്നിവ പൂർണ്ണമായും അംഗീകരിച്ച് നടപ്പിലാക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതനുസരിച്ച് ധനകാര്യ വകുപ്പിന് അത് അയച്ചു. ധനകാര്യ വകുപ്പിന് അത് അംഗീകരിക്കുന്നതിന് കുറച്ചു കാര്യങ്ങൾക്കൂടി അറിയണമായിരുന്നു. ചില കാര്യങ്ങൾകൂടി പരിശോധിക്കണമെന്നുള്ളതുകൊണ്ട് അവർ ചോദിച്ച കാര്യങ്ങൾ കൃഷിവകുപ്പിൽനിന്ന് കൊടുത്തിട്ടുണ്ട്. വളരെ വൈകാതെതന്നെ ധനകാര്യവകുപ്പിൽനിന്ന് ഇതിന് അംഗീകാരം കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. കിട്ടിയാലുടൻതന്നെ ശമ്പള പരിഷ്ക്കരണം, ക്ഷാമബത്ത, വീട്ടുവാടക അലവൻസ് എന്നിവയുടെ കാര്യങ്ങളിൽ തീരുമാനമുണ്ടാക്കാൻ കഴിയും.

(15) സംസ്ഥാന പ്ലാന്റേഷൻ കോർപ്പറേഷനിലെ ആശ്രിത നിയമനത്തിലെ അപാകതകൾ

ശ്രീ. അടൂർ പ്രകാശ് : സർ, പ്ലാന്റേഷൻ കോർപ്പറേഷനിൽ പ്രായാധിക്യവും ശേഷിക്കുറവുംമൂലം ജോലിയിൽനിന്നും സ്വയം പിരിഞ്ഞുപോകുന്ന

LIBRARY ARCHIVES Kerala Legislative Assembly